I.ഇ.ബി.XIകേരള നിയമസഭ/IV13

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 4, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

കാസർഗോഡ് ജില്ലയിലെ എൻമകജെ പഞ്ചായത്തിൽ എൻഡോസൾഫാൻ പിൻവലിക്കൽ

മി. സ്പീക്കർ: എൻഡോസൾഫാൻ അശാസ്ത്രീയമായി ഉപയോഗിക്കരുതെന്ന കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശവും വിവിധ ഏജൻസികളുടെ അഭിപ്രായങ്ങളും വകവയ്ക്കാതെ കാസർഗോഡ് ജില്ലയിലെ എൻമകജെ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലുമുള്ള കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ നിരോധനം നീക്കി വീണ്ടും ഉപയോഗിക്കാൻ തുടങ്ങിയതിനാൽ വായു, വെള്ളം, ഭക്ഷണം എന്നിവയിൽ വിഷം കലർന്ന് ഇതിനകം 300-ഓളം പേർ കാൻസർ, മന്ദബുദ്ധി, അപസ്മാരം തുടങ്ങിയ മാരക രോഗങ്ങൾക്ക് അടിമയാകുകയും ഒരു വർഷത്തിനിടയിൽ 20-ഓളം പേർ മരിക്കുകയും ചെയ്തതിനെത്തുടർന്ന് ജനങ്ങളാകെ തീരാദു:ഖത്തിലും മരണഭീതിയിലും ആയിരിക്കുന്നതിനാൽ ഉളവായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം

സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണ മെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, കെ.പി. രാജേന്ദ്രൻ, എ.സി.

ഷൺമുഖദാസ്, വി.സി. കബീർ, സി.കെ. നാണു, എ.എ. അസീസ്, ഡോ.കെ.സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിക്കുന്നത് പരിസ്ഥിതി മലിനീകരണവും ജനങ്ങൾക്ക് ബുദ്ധിമുട്ടുകളുമുണ്ടാക്കുന്നുവെന്നുള്ള പത്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഗവൺമെന്റ് ഡോ.എ. അച്ചുതൻ ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വീണ്ടും പത്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിനെപ്പറ്റി അന്വേഷിക്കുകയും രണ്ടു മാസത്തേയ്ക്ക് എൻഡോസൾഫാൻ തളിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നൽകുകയും ചെയ്തു. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടാതെ വന്നപ്പോൾ ഒരു മാസത്തേയ്ക്കുകൂടി നിരോധനം നീട്ടി. ഇതിനെതിരെ പെസ്റ്റിസൈഡ് കമ്പനികൾ ഹൈക്കോടതിയിൽ ഒരു പെറ്റിഷൻ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അതുകൂടി കണ്ടിട്ടുവേണം റിപ്പോർട്ടുണ്ടാക്കാൻ എന്ന നിർദ്ദേശം കൊടുത്തിരുന്നു. ഇതിനിടയിൽ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഇതു സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് വയ്ക്കുകയും അതു സംബന്ധിച്ച് ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിരുന്നു. ഏരിയൽ സ്പ്രേ പാടില്ലെന്നും വെള്ളമുള്ള സ്ഥലത്ത് ഇത് ഉപയോഗിക്കരുതെന്നും ബാക്കി യുള്ള എസ്റ്റേറ്റുകളിൽ ഗ്രൗണ്ടിൽനിന്ന് മാത്രമേ പെസ്റ്റിസൈഡ് തളിക്കാൻ പാടുള്ളൂവെന്നും അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ വിദഗ്ദ്ധരും പ്ലാന്റേഷൻ കോർപ്പറേഷന്റെ വിദഗ്ദധരു മടങ്ങുന്ന കമ്മിറ്റിയുടെ നേതൃത്വത്തിലായിരിക്കണം ഇത് തളിക്കേണ്ടതെന്നും തീരുമാനിച്ചു. കൂടാതെ അഞ്ചുവർഷക്കാലത്തേയ്ക്ക് ഒരു പെസ്റ്റിസൈഡും ഉപയോഗിക്കരുതെന്ന് പ്ലാന്റേഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടു. പെരിയ ഗ്രാമത്തിലെ രോഗകാരണം വിദഗ്ദ്ധമായി പഠിക്കുന്നതിന് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് നിയമിച്ച കമ്മിറ്റിയുടെ രണ്ട് സിറ്റിംഗ് കഴിഞ്ഞു. ഈ റിപ്പോർട്ടുകളിലൊന്നും ഈ ഗ്രാമത്തിലുണ്ടായ രോഗം പെസ്റ്റിസൈഡ് തളിക്കുന്നതുകൊണ്ടാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഹെൽത്ത് സർവ്വേ നടത്താനും കൂടുതൽ ഗുണമേൻമയുള്ള പുതിയ കാഷ്യൂ ഇനങ്ങൾ കണ്ടുപിടിക്കുന്നതിനുംവേണ്ടിയുള്ള റിസർച്ച് നടത്താനും അവിടെ ഒരു ഗവേഷണ സ്ഥാപനം സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. 1968-ലെ പെസ്റ്റിസൈഡ് ആക്ടിലെ സെക്ഷൻ 27 പ്രകാരം ഇത് നിരോധിക്കുന്നതിന് ഗവൺമെന്റിന് അധികാരം നൽകിയിട്ടുള്ളത് മൂന്നു മാസത്തേയ്ക്കാണ്. സ്റ്റേ വെക്കേറ്റ് ചെയ്തശേഷം കിട്ടിയ റിപ്പോർട്ട് പെസ്റ്റിസൈഡ് രജിസ്ട്രേഷൻ കമ്മിറ്റിക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. അത് പരിശോധിച്ചിട്ട് നിരോധിക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുക്കാം. പിന്നീട് ഇതുവരെ കാഷ്യൂ കോർപ്പറേഷന്റെ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ചിട്ടില്ല. ഇതു സംബന്ധിച്ച്

സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കാസർഗോഡ് ജില്ലയിൽ എൻമകജ, മൂളിയാർ എന്നീ പഞ്ചായത്തുകളിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗിക്കുന്നതുമൂലം അവിടത്തെ ജനങ്ങൾക്ക് കാൻസർ പോലെയുള്ള മഹാരോഗങ്ങൾ പിടിപെടുകയാണ്. 5 കൊല്ലത്തേയ്ക്ക് ആ മേഖലയിൽ ഇത് നിരുപാധികം നിരോധിക്കണമെന്നും രോഗബാധിതർക്ക് അടിയന്തിര വൈദ്യസഹായവും ദരിദ്രരായിട്ടുള്ളവർക്ക് സാമ്പത്തിക സഹായവും നൽകണമെന്നും അന്വേഷണ ഉദ്യോഗസ്ഥൻമാർ സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 90 ദിവസത്തേയ്ക്ക് മാത്രമേ ഇത് നിരോധിക്കാൻ അവകാശമുള്ളൂവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായപ്പെട്ടത്. കേരള ഗവൺമെന്റിന്റെ അധീനതയിലുള്ള പ്ളാന്റേഷൻ കോർപ്പറേഷനിൽ എന്തെല്ലാം കീടനാശിനി ഉപയോഗിക്കണമെന്ന് നിശ്ചയിക്കുവാനുള്ള അവകാശം സംസ്ഥാന ഗവൺമെന്റിനാണ്. ആ അവകാശം വിനിയോഗിച്ചുകൊണ്ട് ഈ എൻഡോസൽഫാൻ കീടനാശിനി ഉപയോഗിക്കരുതെന്ന് നിർദ്ദേശം കൊടുക്കണം. ഇപ്പോൾ മിക്കവാറും രാജ്യങ്ങളിലൊക്കെ ഇത് കർശനമായി നിരോധിച്ചിരിക്കുകയാണ്. ഇതിന്റെ ഉപയോഗംമൂലമാണ് മാരക രോഗങ്ങൾ ഉണ്ടായതെന്നാണ് ഡോക്ടർമാരും പാരിസ്ഥിതിക വിദഗ്ദ്ധൻമാരും അഭിപ്രായപ്പെട്ടിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് അച്ചുതൻ കമ്മിറ്റിക്ക് താൽക്കാലിക സ്റ്റേ കൊടുക്കാൻ അധികാരം നൽകിയത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് നിയമിച്ച രണ്ടു കമ്മിറ്റികളുടേയും റിപ്പോർട്ടിൽ പറയുന്നത് എൻഡോസൾഫാൻ ഏരിയൽ സ്പ്രേയോ വെള്ളത്തിനടുത്തോ തളിക്കരുതെന്നു മാത്രമാണ്. ജപ്പാൻ ഉൾപ്പെടെ 87 രാജ്യങ്ങളിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നുണ്ട്. പെരിയ, മൂളിയാർ ഗ്രാമങ്ങളിൽ അഞ്ചു കൊല്ലക്കാലത്തേയ്ക്ക് യാതൊരുവിധ കീടനാശിനികളും ഉപയോഗിക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഗ്രാമങ്ങളിലെ ആളുകൾക്ക് ബാധിച്ചിട്ടുള്ള രോഗത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പിനോട് ക്യാബിനറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഏതൊരു ഗവൺമെന്റിനും നിയമപരമായ നടപടികൾ മാത്രമേ സ്വീകരിക്കാൻ കഴിയൂ. സെക്ഷൻ 27 പ്രകാരം കേന്ദ്ര ഗവൺമെന്റിനു മാത്രമേ ശാശ്വതമായി ഈ കീടനാശിനി നിരോധിക്കാൻ അവകാശമുള്ളൂ. എങ്കിലും ഇതുവരെയും എൻഡോസൾഫാൻ തളിക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.

മി. സ്പീക്കർ: നമുക്ക് ഇത് നിരോധിക്കാൻ അവകാശമില്ലെങ്കിൽ നമ്മുടെ ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഈ മരുന്ന് തളിക്കരുതെന്ന് നിർദ്ദേശം നൽകാൻ കഴിയുകയില്ലേയെന്ന് ആലോചിക്കണം. വളരെ ഉത്തരവാദിത്വത്തോടെ സ്ഥലം സന്ദർശിച്ച് കണ്ടെത്തിയ വിവരങ്ങളാണ് പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞത്. ഇതിനകം കുറെ

ആളുകൾ രോഗബാധിതരാകുകയും കുറെപ്പേർ മരണപ്പെടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് എൻഡോസൾഫാൻ എന്ന കീടനാശിനി ഇനി ഉപയോഗിക്കരുത് എന്ന് രേഖാമൂലം നിർദ്ദേശം നൽകണം.

ശ്രീമതി കെ.ആർ ഗൗരിയമ്മ: എൻഡോസൾഫാൻ കീടനാശിനിയെ സംബന്ധിച്ചുള്ള റിസൾട്ട് കേന്ദ്ര ഗവൺമെന്റിൽനിന്ന് വരുന്നതുവരെ ഇത് ഉപയോഗിക്കരുതെന്ന് പ്ളാന്റേഷൻ കോർപ്പറേഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കീടനാശിനി നിരോധിക്കാനുള്ള അവകാശം സംസ്ഥാന സർക്കാരിന് ഇല്ല, ഉപയോഗിക്കരുതെന്നുള്ള നിർദ്ദേശം വീണ്ടും പ്ളാന്റേഷൻ കോർപ്പറേഷന് ഇന്നുതന്നെ കൊടുക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട മന്ത്രി ഇന്നുതന്നെ വീണ്ടും എൻഡോ സൾഫാൻ കീടനാശിനി തളിക്കരുതെന്ന് പ്ളാന്റേഷൻ കോർപ്പറേഷന് കർശനമായിട്ടുള്ള നിർദ്ദേശം കൊടുക്കാമെന്ന് ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിലും ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് നിർബന്ധിക്കുന്നില്ല.

## ശ്രദ്ധക്ഷണിക്കൽ

### (1) വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കാനും അദ്ധ്യാപകർക്ക് ഒഴിവുകാല പരിശീലനം നൽകാനും നടപടി

ശ്രീ. എ.കെ. ബാലൻ: വിദ്യാലയങ്ങൾ തുറന്ന് ഒരു മാസം കഴിഞ്ഞിട്ടും വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതിന്റെ ദുരന്തഫലം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് എട്ടാം ക്ളാസ്സിലെ വിദ്യാർത്ഥികളാണ്. എട്ടാം ക്ളാസ്സിൽ 50 ലക്ഷം പാഠ പുസ്തകങ്ങൾ ലഭ്യമാക്കേണ്ട സ്ഥാനത്ത് 28,000 ഇംഗ്ളീഷ് പാഠപുസ്തകങ്ങൾ മാത്രമേ ഇതുവരെ വിതരണം ചെയ്തിട്ടുള്ളൂ. പാലക്കാട് ജില്ലയിൽ 2,40,000 പാഠപുസ്തകങ്ങൾ ലഭ്യമാക്കേണ്ട സ്ഥാനത്ത് 2,000 ഇംഗ്ളീഷ് പാഠപുസ്തകങ്ങൾ മാത്രമാണ് എട്ടാം ക്ളാസ്സി ലേയ്ക്ക് വിതരണം ചെയ്തത്. അദ്ധ്യാപകരെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഹാന്റ് ബുക്ക് വിതരണം ചെയ്തിട്ടില്ല. അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള ഓറിയന്റേഷൻ പ്രോഗ്രാം മുടങ്ങിക്കിടക്കുന്നു. കഴിഞ്ഞ വർഷം അച്ചടിച്ച എട്ടാം ക്ളാസ്സിലെ എട്ടു കോടി രൂപയുടെ പാഠപുസ്തകങ്ങൾ കെട്ടിക്കിടക്കുന്നു. ഈ വർഷത്തെ എട്ടാം ക്ളാസ്സിലെ പാഠപുസ്തകത്തിൽ പുറംചട്ടയിൽ മാത്രമാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. പഴയ പാഠപുസ്തകം മാറ്റേണ്ട ആവശ്യമുണ്ടായിരുന്നില്ല. എട്ടാം ക്ളാസ്സിലെ വിദ്യാർത്ഥികൾ പാഠപുസ്തകങ്ങൾ ലഭിക്കാത്തതിന്റെ പേരിൽ ബുദ്ധിമുട്ടുകയാണ്. ഈ സാഹചര്യത്തിൽ എത്ര ദിവസത്തിനുള്ളിൽ ഇവ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കുശേഷം ബന്ധപ്പെട്ട കരിക്കുലം കമ്മിറ്റിയുടെ അംഗീകാര ത്തോടുകൂടിയാണ് എട്ടാം ക്ളാസ്സിലെ പാഠപുസ്തകങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്.

പഴയതിൽനിന്ന് വലിയ മാറ്റങ്ങളൊന്നും പരിഷ്കരിച്ച എട്ടാം ക്ളാസ്സിലെ പാഠപുസ്തകങ്ങളിൽ വരുത്തിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പ്രധാനമായും ചൂണ്ടിക്കാണിച്ചത്. വിവിധ ക്ലാസ്സുകളിലേയ്ക്കായി 3.33 കോടി പാഠപുസ്തകങ്ങളാണ് ഈ വർഷം ആവശ്യമായിട്ടുള്ളത്. അതിൽ വിവിധ ജില്ലകളിൽ സ്റ്റോക്കുണ്ടായിരുന്ന പുസ്തകങ്ങൾ കഴിച്ച് 1.68 കോടി പുസ്തകങ്ങൾ കൂടി അച്ചടിക്കണമായിരുന്നു. ഇതിൽ 1.23 ലക്ഷം പ്രിന്റ് ചെയ്തു കഴിഞ്ഞു. സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും സമരംമൂലം ചില പ്രസ്സുകളിൽ പുസ്തകങ്ങളുടെ അച്ചടി ജോലി തടസ്സപ്പെട്ടു. കൂടാതെ യഥാസമയം അച്ചടിക്കാവശ്യമായ പേപ്പർ ലഭ്യമാക്കുന്നതിനും അവ ബന്ധപ്പെട്ട പ്രസ്സുകളിൽ എത്തിക്കുന്നതിനും സാധിച്ചില്ല. മാത്രമല്ല, കൂടുതൽ പാഠപുസ്തകങ്ങളുടെ അച്ചടി ജോലി നടത്തി വന്നിരുന്ന കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിലെ ജീവനക്കാരുടെ പണിമുടക്കും അച്ചടിയെ സാരമായി ബാധിക്കുകയുണ്ടായി. ഇപ്പോൾ അച്ചടി ജോലിയും ജില്ലാ ഡിപ്പോകൾ മുഖേന സ്ക്കൂളുകൾക്കുള്ള പാഠപുസ്തക വിതരണവും ദ്രുതഗതിയിൽ നടന്നു വരികയാണ്. എട്ടാം ക്ലാസ് ഒഴികെയുള്ള ക്ലാസ്സുകളിൽ എല്ലാ പാഠപുസ്തകങ്ങളും ആവശ്യാനുസരണം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ജൂലൈ മാസം 31-ാം തീയതിക്കകം എല്ലാ പാഠപുസ്തകങ്ങളും അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്. എസ്. എസ്. എൽ. സി. പരീക്ഷയുടെ സൂപ്പർവിഷനും മൂല്യനിർണ്ണയത്തിനും അദ്ധ്യാപകരെ നിയോഗിക്കേണ്ടി വന്നതുകൊണ്ടും അദ്ധ്യാപക പരിശീലനത്തിനാവശ്യമായ മോഡ്യൂളുകളും മറ്റും അച്ചടിച്ച് കിട്ടാത്തതുകൊണ്ടും യഥാസമയം അദ്ധ്യാപക പരിശീലനം നടത്താൻ സാധിച്ചില്ല. എട്ടാം കാലാസ്സിലെ പുതിയ പാഠപുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയായിട്ടുണ്ട്. അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായുള്ള സ്റ്റേറ്റ് റിസോഴ്സസ് ഗ്രൂപ്പുകളുടെ പരിശീലനം പൂർത്തിയായിക്കഴിഞ്ഞു. ഡിസ്ട്രിക്ട് റിസോഴ്സസ് ഗ്രൂപ്പുകളുടെ പരിശീലനം നടന്നുകൊണ്ടിരിക്കുകയാണ്. അദ്ധ്യാപക പരിശീലനം ജൂലൈ 16-ാം തീയതി മുതൽ എല്ലാ ജില്ലകിലും ആരംഭിക്കുന്നതാണ്. എട്ടാം ക്ലാസ്സിലെ വിവിധ വിഷയങ്ങളെ ആസ്പദമാക്കി അദ്ധ്യാപകർക്കുവേണ്ടി തയ്യാറാക്കുന്ന ഹാന്റ് ബുക്കിന്റെ അച്ചടി പൂർത്തിയായിട്ടുണ്ട്. അവ പരിശീലനത്തോടനുബന്ധിച്ച് നൽകുന്നതാണ്. അപ്പർ പ്രൈമറി ക്ലാസ്സുകൾക്കും എട്ടാം ക്ലാസ്സിനും ബാധകമായ മൂല്യ നിർണ്ണയ സംബന്ധമായ മാർഗ്ഗരേഖയും അപ്പർ പ്രൈമറി ക്ലാസ്സുകൾക്കും ഹൈസ്ക്കൂളുകൾക്കും വേണ്ടിയുള്ള സിലബസ്സും നൽകിയിട്ടുണ്ട്. ഫണ്ടിന്റെ അഭാവംമൂലം അദ്ധ്യാപക പരിശീലനം തടസ്സപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല.

(2) മണിചെയിൻ, കള്ളനോട്ട്, ഒറ്റനമ്പർ ലോട്ടറി എന്നിവയുടെ സ്വാധീനം

ശ്രീ. തമ്പാനൂർ രവി: കേരളത്തിലെ ഗ്രാമ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് വീട്ടമ്മമാരേയും തൊഴിൽ രഹിതരേയും ചുറ്റിപ്പറ്റി നടക്കുന്ന സാമ്പത്തിക തട്ടിപ്പുകളുടെ ഗുരുതരാവസ്ഥയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. മണിചെയിൻ, കള്ളനോട്ട്, നോട്ടിരട്ടിപ്പ്, ഒറ്റനമ്പർ

ലോട്ടറി, വീട്ടുപകരണങ്ങൾ സൗജന്യ വിലയ്ക്ക് നൽകൽ എന്നീ പേരുകളിൽ സംസ്ഥാനത്ത് വ്യാപകമായ തട്ടിപ്പ് നടക്കുകയാണ്. മദ്രാസ്, ഹൈദ്രബാദ്, ഡൽഹി എന്നിവിടങ്ങളിൽ ആസ്ഥാനമായുള്ള കമ്പനികളുടെ പേരിലാണ് തട്ടിപ്പ് നടക്കുന്നത്. മണിചെയിൻ പദ്ധതി പ്രകാരം ആകർഷകമായ ബ്രോഷർ പ്രസിദ്ധീകരിച്ച് ജോലി വാഗ്ദാനം ചെയ്ത് കേരളീയരിൽ നിന്ന് ലക്ഷക്കണക്കിന് രൂപ തട്ടിക്കൊണ്ടുപോകുകയാണ്. സൗജന്യ കമ്പ്യൂട്ടർ പഠനം, ഇ–മെയിൽ സൗജന്യം, വെബ് സൈറ്റ്, ഇന്റർ നെറ്റ് എന്നിവയുടെ മറവിലാണ് മണിചെയിൻ പദ്ധതി പ്രകാരം വെട്ടിപ്പ് നടത്തുന്നത്. ഈ തട്ടിപ്പിന് ഇരയാകുന്നവർ ആത്മാഭിമാനം കൊണ്ട് പുറത്ത് പറയാത്തതിനാൽ കേസുകളൊന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. കോഴിക്കോട് കേന്ദ്രമായ ഫോർച്ച്യൂൺ ലോട്ടറി സർവ്വീസ് ഇൻഡ്യാ ലിമിറ്റഡ്, ട്രാവൻകൂർ കേന്ദ്രമായ സ്കൈബിസ് കമ്പനി എന്നിവയാണ് വ്യാപകമായി ഈ തട്ടിപ്പിന് നേതൃത്വം നൽകുന്നതെങ്കിലും ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. നെയ്യാറ്റിൻകര, പാലക്കാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കള്ളനോട്ടും നോട്ട് ഇരട്ടിപ്പും നടക്കുന്നു. ഇത് ഫലപ്രദമായി തടയണം. ഒറ്റനമ്പർ ലോട്ടറി സംസ്ഥാനത്ത് നിരോധിച്ചുവെങ്കിലും കേരളത്തിൽ ഇന്ന് വ്യാപകമായി നടക്കുകയാണ്. ഇത്തരം കാര്യങ്ങൾ കണ്ടുപിടിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാനും വിവിധ വകുപ്പുകൾ കേന്ദ്രീകരിച്ചുകൊണ്ട് ഈ രംഗത്ത് ആവശ്യമായ ബോധവൽക്കരണം നടത്താനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : മണിചെയിൻ, നോട്ട് ഇരട്ടിപ്പ്, കള്ളനോട്ട് എന്നിവയുടെ സ്വാധീനത്തിൽ സാധാരണക്കാരെ വ്യാമോഹിപ്പിച്ച് പണം തട്ടിയെടുക്കുന്ന സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റനമ്പർ ലോട്ടറിയിലൂടെ ധന നഷ്ടമുണ്ടായി എന്ന പേരിൽ കോഴിക്കോട്, മലപ്പുറം, തൃശൂർ, കോട്ടയം എന്നീ ജില്ലകളിൽ ലോട്ടറി റെഗുലേഷൻസ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമ പ്രകാരവും നിരവധി കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കള്ളനോട്ട്, നോട്ട് ഇരട്ടിപ്പ് എന്നീ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ എസ്. പി. യുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകൾ കേന്ദ്രീകരിച്ച് ഡിവൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഓരോ അന്വേഷണ വിഭാഗം പ്രവർ ത്തിക്കുന്നുണ്ട്. മണിചെയിൻ പോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇത്തരം കേസുകൾ അന്വേഷിക്കുന്നതിനും ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകൾ കേന്ദ്രകരിച്ച് ഓരോ എസ്. പി. യുടെ നേതൃത്വത്തിൽ പ്രത്യേക

അന്വേഷണ വിഭാഗവും പ്രവർത്തിക്കുന്നു. ഇവിടെ സൂചിപ്പിച്ച പ്രശ്നത്തിന്റെ ഗൗരവ സ്വഭാവം പരിഗണിച്ച് കൂടുതൽ ഗൗരവകരമായ അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ശ്രമിക്കുന്നതാണ്.

## സബ്മിഷൻ

### (1) അനധികൃത കായൽ കയ്യേറ്റം

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : വേമ്പനാട് കായലിന്റെ കൈവഴികളായ വയലാർ, എട്ടുപുരയ്ക്കൽ, കുട്ടംചാൽ, പള്ളിപ്പുറം വരെയുള്ള കായൽപ്രദേശങ്ങളിൽ വൻതോതിൽ കായൽ കയ്യേററം നടക്കുകയാണ്. മുന്നൂറോളം ഏക്കർ ഭൂമി ഇങ്ങനെ നികത്തിക്കഴിഞ്ഞിരിക്കുന്നു. മത്സ്യത്തൊഴിലാളികൾക്കും കക്ക വാരി ഉപജീവനം കഴിക്കുന്നവർക്കും ഇതൊരു ഭീഷണിയായി തീർന്നിരിക്കുകയാണ്. പതിച്ചുകൊടുക്കുകയാണെങ്കിൽ ഭൂരഹിതരായ പാവപ്പെട്ട ഹരിജനങ്ങൾക്കും കർഷകത്തൊഴിലാളികൾക്കുമാണ് ഭൂമി ലഭിക്കാൻ അർഹതയുള്ളത്. ജില്ലാ കളക്ടർ ഉത്തരവിട്ടതനുസരിച്ച് പോലീസ് സ്ഥലത്ത് വന്ന് കയ്യേറ്റക്കാരെ ഒഴിപ്പിച്ചുവെങ്കിലും കായലിൽ നാട്ടിയ കുറ്റികൾ നീക്കിയിട്ടില്ല. അവ നീക്കം ചെയ്തുകൊണ്ട് കായൽ കയ്യേറ്റം അവസാനിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): വേമ്പനാട് കായൽപ്രദേശം കയ്യേറുന്നതായി വിവരം ലഭിച്ച ഉടനെ കയ്യേറിയവരെ ഒഴിപ്പിക്കാൻ റവന്യൂ ഡിപ്പാർട്ടുമെന്റിന് നിർദ്ദശം കൊടുക്കുകയും അതനുസരിച്ച് ഒഴിപ്പിക്കുകയും ചെയ്തു. മോട്ടോർ ഉപയോഗിച്ച് സ്ഥാപിച്ച കുറ്റികൾ മാറ്റാൻ യന്ത്രം ഉപയോഗിച്ചു മാത്രമേ കഴിയൂ. അതിനുള്ള നിർദ്ദേശം കൊടുക്കുകയും അതിനുവേണ്ടി ഇരുപത്തയ്യായിരം രൂപ സ്പെഷ്യലായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

### (2) 2000 നവംബർ 14-നു ശേഷം എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ നടന്ന നിയമനങ്ങൾക്ക് അംഗീകാരം

ശ്രീ. ടി.യു. രാധാകൃഷ്ണൻ: 2000 നവംബർ 14-നുശേഷം നിയമനം ലഭിച്ച പ്ലസ് ടു അദ്ധ്യാപകർ ശമ്പളം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ തിങ്കളാഴ്ച മുതൽ സെക്രട്ടേറിയറ്റു പടിക്കൽ നിരാഹാരസമരം നടത്തുകയാണ് . ആ സമരം അവസാനിപ്പിച്ച് അവർക്ക് ശമ്പളം കൊടുക്കാൻ നടപടിയെടുക്കണം.

.

വിദ്യാഭാസവകുപ്പുമന്ത്രി (ശ്രീ. നാലകത്തുസൂപ്പി): ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്ളസ് ടു അദ്ധ്യാപകരുടെ ഒൻപതിനായിരം പോസ്റ്റുകളും ലാബ്

അറ്റന്റർമാരുടെ 3344 പോസ്റ്റുകളും ക്രിയേറ്റ് ചെയ്ത് അവർക്ക് ശമ്പളം കൊടുക്കാനുള്ള നടപടിയെടുത്തുവരികയാണ്. റഗുലർ ടീച്ചേഴ്സിന് 1999 മുതൽ ശമ്പളം നൽകുന്നതിന് പോസ്റ്റ് ക്രിയേഷന് അപ്രൂവൽ കൊടുത്ത് നിയമപരമായ നടപടിയെടുത്തുവരുന്നു. നിയമനം നടത്താൻ പാടില്ല എന്ന് സുപ്രീം കോടതി വിധിയുണ്ടായിരുന്ന കാലയളവിൽ നിയമിതരായവരെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനവുമെടുത്തിട്ടില്ല. ബാക്കിയുള്ളവർക്ക് ഓണത്തിനുമുമ്പ് ശംബളം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(3) കേരളാസ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ ജീവനക്കാരെ പിരിച്ചുവിടൽ.

ശ്രീ എം.വി. ജയരാജൻ: പിരിച്ചുവിടൽ നോട്ടീസുപോലും കൊടുക്കാതെ കേരളാസ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലെ 433 ജീവനക്കാരെ കഴിഞ്ഞമാസം പിരിച്ചുവിട്ടു. അവരിൽ 20 പേർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. ഏഴും ഒൻപതും വർഷംവരെ സർവ്വീസുള്ള വിധവകളും വികലാംഗരും ആ കൂട്ടത്തിലുണ്ട് . പിരിച്ചു വിടൽ വ്യവസ്ഥകൾ പാലിക്കപ്പെടാതെയുള്ള ഈ നടപടി ഹൈക്കോടതി അസാധുവാക്കിയിരിക്കുകയാണ് . ഈ സ്ഥാപനത്തെ സംബന്ധിച്ച് സെപ്റ്റംബർ മാസത്തിൽ ജനപ്രതിനിധികളും വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിലെ ധാരണകൾ നടപ്പാക്കണം; പിരിച്ചുവിടപ്പെട്ട ജീവനക്കാരെ തിരിച്ചെടുക്കാൻ നടപടിയെടുക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തുസൂപ്പി) : ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നിലവിലുള്ളതിന്റെ 62 ശതമാനം ജീവനക്കാർ മാത്രമേ ആവശ്യമുള്ളൂവെന്നാണ് ഗവണ്മെന്റ് നിയമിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 186 ഒഴിവു കളിലേയ്ക്ക് കഴിഞ്ഞ ഗവണ്മെന്റ് 938 പേരെയാണ് നിയമിച്ചിരുന്നത്. നഷ്ടത്തിൽ പ്രവർ ത്തിക്കുന്ന സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനാണ് ഈ ഗവണ്മെന്റ് ശ്രമിക്കുന്നത്. റിസർ വേഷൻ തത്വങ്ങൾ പാലിച്ചുകൊണ്ട് ജൂനിയർ മോസ്റ്റിനെയാണ് പിരിച്ചു വിട്ടിട്ടുള്ളത്. തെറ്റായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(4) ജയിംസിന്റെ ദുരൂഹ മരണം

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി നിയോജകമണ്ഡലത്തിലെ മരിയാപുരം പഞ്ചായത്തിൽ ആണ്ടുമാലിൽ വീട്ടിൽ ജയിംസ് 1998 ഏപ്രിൽ 17-ന് ദുരൂഹ സാഹചര്യത്തിൽ കൊലചെയ്യപ്പെട്ടു. കുറ്റക്കാരെ കണ്ടെത്താനുള്ള അന്വേഷണം ഊർജ്ജിതപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ജയിംസിന്റെ മരണം കൊലപാതകമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് വിശദമായ അന്വേഷണത്തിന് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഇതുവരെ പ്രതികളെപ്പറ്റിയുള്ള കൃത്യമായ വിവരം ലഭിച്ചിട്ടില്ല. തുടർന്നും ശക്തമായ അന്വേഷണം നടത്തുന്നതാണ്.

(5) ഏലാംകോട് പാലയ്ക്കൽ പ്രദേശങ്ങളിലെ പോലീസ് അതിക്രമം

ശ്രീ. കെ. പി. മോഹനൻ: പെരിങ്ങളം നിയോജകമണ്ഡലത്തിലെ പാലയ്ക്കൽ ഏലാംകോടു പ്രദേശങ്ങളിൽ പോലീസ് അതിക്രമത്തിനിരയായ നൂറോളം കുടുംബങ്ങൾക്ക് സഹായം നൽകണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) കണ്ണൂർ ജില്ലയിലെ പാനൂരിൽ ബി. ജെ. പി. പ്രവർത്തകനായ ഷാജി എന്ന കാക്കാ ഷാജിയെ 2002 ജൂൺ മാസം 17–ാം തീയതി ഒരു സംഘം സി. പി. എം. പ്രവർത്തകർ ആക്രമിച്ചതിന് സി. പി. എം. പ്രവർത്തകരുടെയും ബി. ജെ. പി. പ്രവർത്തകരുടെയും പേരിൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. പാനൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ തെരച്ചിൽ നടത്തിയിട്ടുണ്ട്. തെരച്ചിൽ സമയത്ത് വീട്ടു സാധനങ്ങൾ തല്ലിത്തകർക്കുകയോ നശിപ്പിക്കുകയോ ചെയ്തിട്ടില്ല.

(6) ചെങ്ങമനാട് പ്രൈമറി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ:

ശ്രീ. എം. എ. ചന്ദ്രശേഖരൻ: വടക്കേക്കര നിയോജകമണ്ഡലത്തിലെ ചെങ്ങമനാട് ഹെൽത്ത് സെന്ററിനാവശ്യമായ കെട്ടിടവും ചികിൽസാ സൗകര്യങ്ങളും ഏർപ്പെടുത്തണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): ചെങ്ങമനാട് കമ്മൂണിറ്റി ഹെൽത്ത് സെന്ററിൽ ആറ് കിടക്കകളുള്ള ഒരു വാർഡാണുള്ളത്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് അധികൃതരുമായി ആലോചിച്ച് നടപടി സ്വീകരിക്കാൻ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിച്ചു.

നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ ഗവൺമെന്റിന്റെ നയപരമായ തീരുമാനങ്ങൾ സഭയെ അറിയിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്ജ്: നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന അവസരങ്ങളിൽ ഗവൺമെന്റിന്റെ നയപരമായ തീരുമാനങ്ങൾ സഭയെ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകണം.

മി. സ്പീക്കർ: നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ ഗവൺമെന്റിന്റെ നയപരമായ തീരുമാനങ്ങൾ സഭയിൽ തന്നെയാണ് പറയേണ്ടത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ത്രിതല പഞ്ചായത്തുകളുടെ വാർഷിക കണക്ക് നിയമസഭയുടെ സ്ക്രൂട്ടിണിക്ക് വിധേയമാക്കണം. ത്രിതല പഞ്ചായത്തുകളുടെ ആഡിറ്റിംഗ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ് നടത്തുന്നത്. ആ സ്റ്റേറ്റുമെന്റ് ഇപ്പോൾ നിയമസഭയുടെ പരിഗണനയ്ക്ക് വരുന്നില്ല. ത്രിതല പഞ്ചായത്തുകളിൻമേൽ നിയമസഭയ്ക്ക് അക്കൗണ്ടബിലിറ്റിയുണ്ടാകണം. അതിനായി ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ടു ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട സ്പീക്കർ എന്ത് സംവിധാനംഏർപ്പെടുത്തിയാലും ഗവൺമെന്റ് അതിനോട് യോജിക്കുന്നു.

മി. സ്പീക്കർ: അസംബ്ളി കമ്മിറ്റി പരിശോധിക്കണമെന്നുള്ളതിനോട് യോജിക്കുന്നു. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പ്രത്യേകമായി കമ്മിറ്റി വേണമെങ്കിൽ അതിനെപ്പറ്റിയും ആലോചിക്കുന്നതാണ്.

എം. എൽ. എ. മാരുടെ കത്തുകൾക്ക് മറുപടി നൽകണമെന്നത് സംബന്ധിച്ച്

മി. സ്പീക്കർ: എം. എൽ. എ. മാരുടെ കത്തുകൾക്ക് മന്ത്രിമാർ മറുപടി നൽകുന്നില്ലെന്ന പരാതിയുണ്ട്. എം. എൽ. എ. മാരുടെ കറസ്പോണ്ടൻസിന് ടോപ്പ് പ്രയോറിറ്റി നൽകി മന്ത്രിമാർ നേരിട്ട് മറുപടി നൽകണം.

## ധനകാര്യം

2002-2003 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽമേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്ബ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX – ശുദ്ധജലവിതരണവും ശുചീകരണവും
(2,08, 67,63,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII – ജലസേചനം
( 1.55,51,65,000 രൂപ)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): പ്രമേയത്തെ പിന്താങ്ങുന്നു.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി: (ശ്രീ. കെ. സുധാകരൻ) താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIV – വനം (1,05,27,89,000 രൂപ)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ ചെർക്കളം അബ്ദുള്ള) പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) ധനാഭ്യർത്ഥന – XX ശുദ്ധജലവിതരണവും ശുചീകരണവും, XXXVIII ജലസേചനം, XXXIV – വനം എന്നിവയുടെ 2002–2003 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി ശുപാർശകളിന്മേലുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(സർവ്വശ്രീ വി. കെ. ചന്ദ്രൻ, ടി. കെ. ദേവകുമാർ, എം. വി. ജയരാജൻ, കെ. രാധാകൃഷ്ണൻ. കെ.പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, എ.സി. ഷൺമുഖദാസ്, സി.കെ. നാണു, കെ.പി. മോഹനൻ, വി.സി. കബീർ, എം.വി. ഗോവിന്ദൻ മാസ്റ്റർ , മത്തായി ചാക്കോ, വി.കെ.സി. മമ്മത് കോയ, ടി.പി. രാമകൃഷ്ണൻ, ഡോ: എ. നീലലോഹിതദാസൻ നാടാർ, മഞ്ഞളാംകുഴി അലി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ജലസേചനവും ശുദ്ധജലവിതരണവും ഉൾപ്പടെയുള്ള മേഖലകളിൽ ഒരു നേട്ടവുമുണ്ടായിട്ടില്ല. നമ്മുടെ സംപത്ത് മുഴുവൻ ചോർത്തിയെടുക്കുന്ന ഒരു മേഖലയാണിത്. 1957 മുതൽ തുടങ്ങിയ 30 ജലസേചന പദ്ധതികളിൽ 14 എണ്ണം ഇപ്പോഴും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സ്വകാര്യവൽക്കരണം കൂടിയാവുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഗുരുതരമായ പ്രതിസന്ധിയുണ്ടാകാൻ പോകുന്നു. നാഷണൽ വാട്ടർ റിസോഴ്സസ് കൗൺസിൽ പുതിയ നയം പ്രഖ്യാപിച്ചു കഴിഞ്ഞു. സ്വകാര്യവൽക്കരണവും സ്വകാര്യപങ്കാളിത്തവും അനുവദിക്കു ന്നതാണ് പുതിയ നയം. ചിമ്മിനി ഡാം, കാരാപ്പുഴ പദ്ധതി, കല്ലട ഇറിഗേഷൻ പ്രോജക്ട്, മൂവാറ്റുപുഴ പദ്ധതി തുടങ്ങിയവയ്ക്കെല്ലാം ആദ്യത്തെ അടങ്കൽ തുകയെക്കാൾ എത്രയോ ഇരട്ടി ഇതിനകം ചെലവഴിച്ചു കഴിഞ്ഞിരിക്കുന്നു. 6 കോടി രൂപയുടെ എസ്റ്റിമേറ്റുമായിത്തുടങ്ങിയ ചിമ്മിനി ഡാമിന് 120 കോടി രൂപ ചെലവഴിച്ചിട്ടും ചോർച്ച മാറുന്നില്ല. ഇതിനുത്തരവാദികളായ പന്ത്രണ്ട് പേർക്ക് കുറ്റപത്രം നൽകിക്കഴിഞ്ഞു. 20 കോടി രൂപയുടെ സാധനങ്ങൾ തുരുമ്പു പിടിച്ചു കിടക്കുന്നു. 60 ലക്ഷം രൂപയ്ക്ക് സ്റ്റോക്ക് യാർഡ് നിർമ്മിച്ചുവെന്ന് പറയുന്നുവെങ്കിലും അങ്ങനെയൊരു യാർഡ് നാളിതുവരെയും അവിടെ നിർമ്മിച്ചിട്ടില്ലെന്ന് സ്ഥലം സന്ദർശിച്ച നിയമസഭാ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. കാരാപ്പുഴ പദ്ധതിക്ക് ഇതിനകം 97.39 കോടി രൂപ ചെലവഴിച്ചു. ഇനി 140 കോടി രൂപകൂടിയുണ്ടായാലേ പദ്ധതി പൂർത്തിയാകൂ. സി.എ.ജി.യുടെ റിപ്പോർട്ട് പ്രകാരം 2.52 കോടി രൂപയുടെ അഴിമതി ഈ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയിട്ടുണ്ട്. 1961–ൽ ആരംഭിച്ച കല്ലട ജലസേചന പദ്ധതിക്ക് 725 കോടി രൂപ

ചെലവഴിച്ചിട്ടും പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിച്ചിട്ടില്ല. 1974-ൽ ആരംഭിച്ച മൂവാറ്റുപുഴ പദ്ധതിക്ക് ഇതിനകം 515 കോടി രൂപയായി അടങ്കൽ തുക വർദ്ധിപ്പിച്ചുവെങ്കിലും ഒരു തുള്ളി വെള്ളം ജനങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികൾക്കുവേണ്ടി കോടിക്കണക്കിനു രൂപ ചെലവഴിച്ചിട്ടും ജനങ്ങൾക്ക് ഗുണകരമാകാതെ പോയതിനെക്കുറിച്ച് അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം. 1800 കോടി രൂപ മുതൽ മുടക്കു വരുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നവംബറിൽ ഉദ്ഘാടനം ചെയ്യപ്പെടുമെന്ന് പറയുന്നുണ്ടെങ്കിലും അതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ കണ്ണൂർ ജില്ലയിൽ ആരംഭിച്ചിട്ടില്ല. അവിടെ ഭൂമി ഏറ്റെടുക്കുന്ന നടപടി ആരംഭിച്ച് അടിയന്തിരമായി പൂർത്തിയാക്കണം. ശുദ്ധജലവിതരണ പദ്ധതികൾക്കും ജലസേചന പദ്ധതികൾക്കും വേണ്ടി നീക്കിവയ്ക്കുന്ന പണം കരാറുകാരുടെയും ഉദ്യോഗസ്ഥൻമാരുടെയും കയ്യിൽ എത്തിച്ചേരുന്നത് അവസാനിപ്പിക്കാനും പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. കണ്ണവം ഫോറസ്റ്റിലെ 32 വാച്ചർമാരുടെ നിയമനത്തിൽ ആദിവാസികളെ തഴഞ്ഞ് പിൻവാതിൽ നിയമനം നടത്തിയ നടപടി പുന:പരിശോധിക്കണം.

<u>ശ്രീ.കെ.എ.ചന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന് ജലസേചന-ജലവിതരണ-വനസംരക്ഷണ-വനവൽക്കരണ രംഗങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വികസന-നിർമ്മാണ മേഖലകൾ സ്തംഭനാവസ്ഥയിലായിരുന്നു. വൻകിട ജലസേചന പദ്ധതികളൊന്നും പൂർത്തീകരിക്കാൻ കഴിഞ്ഞ ഗവൺമെന്റിന് കഴിഞ്ഞില്ല. ഈ ഗവൺ മെന്റിന്റെ ആദ്യ വർഷത്തിൽതന്നെ പഴശ്ശി പദ്ധതിയുടെ സിംഹഭാഗവും പൂർത്തിയാക്കാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണ്. വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് ആക്ഷൻ പ്ളാൻ തയ്യാറാക്കുന്നതിന് മുൻകൈ യെടുത്ത ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചതിൽ നിന്ന് വ്യത്യസ്തമായ ഒരു നടപടിയാണിത്. കാഞ്ഞിരപ്പുഴ, കുരിയാർകുറ്റി -കാരപ്പാറ തുടങ്ങിയ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനും തീരുമാനമെടുത്ത ഈ ഗവൺമെന്റിന്റെ നടപടിയെ സ്വാഗതം ചെയ്യുന്നു. ഈ ഗവൺമെന്റിന്റെ ആദ്യ വർഷംതന്നെ 41 ചെറുകിട ജലസേചന പദ്ധതികളുടേയും 10 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടേയും പണികൾ പൂർത്തിയാക്കാൻ സാധിച്ചു. പറമ്പിക്കുളം-അലിയാർ പദ്ധതിയുടെ നിർമ്മാണക്കരാറിലും കരാർ നടത്തിപ്പിലും കേരളം വഞ്ചിക്കപ്പെട്ടു. കരാർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള തമിഴ്നാടിന്റെ പ്രവർത്തന ങ്ങൾക്ക് കടിഞ്ഞാണിടണം. ഈ പദ്ധതിയുടെ കരാർ പുനരവലോകനം ചെയ്ത് പുതുക്കുന്ന തിന് അടിയന്തിര നടപടി സ്വീകരിക്കണം. ഈ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കാൻ കഴിയണം. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ തമിഴ്നാടുമായി നിലനില്ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

സംസ്ഥാനത്തിന് ദോഷകരമായ പല വ്യവസ്ഥകളും ഈ കരാറിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം മന്ത്രിസഭയിലോ നിയമസഭയിലോ ചർച്ച ചെയ്യാതെ കരാർ രഹസ്യരേഖയായി സൂക്ഷിച്ച് ഉദ്യോഗസ്ഥന്മാർ സംസ്ഥാനത്തെ വഞ്ചിച്ചു. സംസ്ഥാനത്തോട് കൂറുള്ള ഉദ്യോഗസ്ഥന്മാരെ ഇതുപോലുള്ള മേഖലകളിൽ നിയമിക്കുന്നതിന് സർക്കാർ ശ്രദ്ധിക്കണം. പറമ്പിക്കുളം അന്തർ–സംസ്ഥാന നദീജല കരാർ അനുസരിച്ച് ലഭിക്കുന്ന വെള്ളവും പുഴയിൽ അധികമായി കിട്ടുന്ന ഫ്ളഡ് വാട്ടറും സമയാസമയം തിരിച്ചുവിട്ട് സംഭരണികളിൽ നിറയ്ക്കാൻവേണ്ട നടപടിയുണ്ടാകണം. അതിന് ചിറ്റൂർപ്പുഴ പദ്ധതിയുടെ ആർ.ബി. കനാലിന്റെ പണി പൂർത്തീകരിക്കാനും എൽ.ബി. കനാലിന്റെ വീതി കൂട്ടാനും മീൻകരയിൽ എത്തുന്ന വെള്ളം ചുള്ളിയാറിലേയ്ക്ക് എത്തിക്കാൻ ലിങ്ക് കനാലിന്റെ ആഴവും വീതിയും കൂട്ടാനും നടപടി സ്വീകരിക്കണം. വരണ്ടു കിടക്കുന്ന ചുള്ളിയാർ നിറയ്ക്കാൻ പലകപ്പാണ്ടി പദ്ധതി പ്രാവർത്തികമാക്കണം. കുരിയാർകുറ്റി–കാരപ്പാറ പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് പ്രത്യേക താൽപര്യമെടുക്കണം. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള ഗവൺമെന്റിന്റെ പ്രവർത്തനം പ്രശംസനീയമാണ്. 247 ഗ്രാമപഞ്ചായത്തുകളിലായി അഞ്ചു ലക്ഷത്തോളം ആളുകൾക്ക് കുടിവെള്ളം എത്തിച്ചുകൊടുത്തു. പാരമ്പര്യ ജലസ്രോതസ്സുകൾക്ക് ഈ ഗവൺമെന്റ് 13 കോടി രൂപ ചെലവഴിച്ചു. 1999 നവംബർ മുതൽ പ്രവർത്തിക്കുന്ന കേരള ഗ്രാമീണ ശുദ്ധജല ശുചീകരണ–വിതരണ ഏജൻസി ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ള വിതരണം ഉറപ്പാക്കാൻ സഹായകമാകുന്നുണ്ട്. ജലസ്രോതസ്സിനുവേണ്ടി തെരഞ്ഞെടുക്കുന്ന ഭൂമി സർക്കാർ ഭൂമിയോ മിച്ചഭൂമിയോ ആണെങ്കിൽ അവ വിട്ടുകൊടുക്കുകയും സ്വകാര്യഭൂമിയാണെങ്കിൽ അക്വയർ ചെയ്തുകൊണ്ട് ഈ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണം. വാട്ടർ ഡിവൈഡർ ഉപയോഗിച്ച് സ്ഥലം നിർണ്ണയിച്ച് കിണർ കുഴിക്കുമ്പോൾ ആവശ്യത്തിന് ജലം ലഭിച്ചില്ലെങ്കിൽ മുതൽമുടക്ക് ഈ പദ്ധതിയിൽനിന്നും കുറയ്ക്കാൻ ഇടവരും. പട്ടികജാതി– പട്ടികവർഗ്ഗ വിഭാഗക്കാരിൽനിന്നും ഇതിനായി പങ്കാളിത്ത സംഖ്യ ഈടാക്കുന്നത് നിറുത്തൽ ചെയ്യണം. കൊല്ലങ്കോടിനും സമീപ പ്രദേശങ്ങൾക്കുമായുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയും കൊടുവായൂർ–പുതുനഗരം ശുദ്ധജലവിതരണ പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിക്കണം. യു.ഡി.എഫ്. ഭരണത്തിൽ വനം പുർണ്ണമായി സംരക്ഷിക്കപ്പെടണം. അനധികൃത വനം കയ്യേറ്റം തടയാനുള്ള ഗവൺമെന്റിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്. തീരദേശങ്ങളിലും മറ്റും മരങ്ങൾ വച്ചുപിടിപ്പിക്കാനും വനസംരക്ഷണ സമിതികൾ രൂപികരിക്കാനും മുൻകൈ എടുത്ത ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. 199 വനസംരക്ഷണ സമിതികൾ രൂപികരിച്ചതിൽ 63 എണ്ണം പട്ടികവർഗ്ഗ വിഭാഗങ്ങളുടേതാണ്. ആദിവാസികളെ ഫോറസ്റ്റ് ഗാർഡുകളായി നിയമിച്ച് കാടിന്റെ സംരക്ഷണം അവരെ ഏല്പിക്കണം. വന സംരക്ഷണത്തിനായി ഫോറസ്റ്റ് ഇന്റലിജൻസ് സെൽ ഈ ഗവൺമെന്റ് രൂപീകരിച്ചു. വനം കയ്യേറ്റവും വനം കൊള്ളയും ശക്തവും ഫലപ്രദവുമായി തടയുന്നതിന് ദ്രുതകർമ്മ സേനയുടെ രണ്ട് യൂണിറ്റുകൾ തുടങ്ങി. പറമ്പിക്കുളം വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ വികസനം നടത്താൻ കഴിയണം. കാടിന്റെ മക്കളുടെ വികസന കാര്യത്തിൽ താല്പര്യമെടുക്കുന്ന ഗവൺമെന്റ് പട്ടികവർഗ്ഗക്കാർക്ക് പണിയും കൂലിയും ലഭ്യമാക്കണം.

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ജലവിതരണ രംഗം ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. ദീർഘവീക്ഷണത്തോടു കൂടിയുള്ള ശാസ്ത്രീയമായ പദ്ധതികളിലൂടെ മാത്രമേ ഈ ഗുരുതരമായ അവസ്ഥയിൽനിന്നും കരകയറാൻ കഴിയുകയുള്ളൂ. എന്നാൽ കേരളത്തിലെ ഇതര മേഖലകളിലേതുപോലെതന്നെ സ്വകാര്യവത്കരണ നയമാണ് ജലസേചന വകുപ്പിന്റെ കാര്യത്തിലും ഗവൺമെന്റ് സ്വീകരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ശുദ്ധജല വിതരണ പദ്ധതികളുടെ നടത്തിപ്പ് ത്രിതല പഞ്ചായത്തുകളെ ഏല്പിച്ചുവെങ്കിൽ അത് കോൺട്രാക്ടർമാർക്ക് കൈമാറുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കോടിക്കണക്കിന് രൂപയുടെ ആസ്തിയുള്ള ശുദ്ധജല വിതരണ പദ്ധതികൾ സ്വകാര്യവത്കരിക്കുമ്പോൾ ജലത്തിന്റെ നികുതി വർദ്ധിക്കുമെന്നുള്ള കാര്യം വിസ്മരിക്കരുത്. ഏറ്റവും കുറഞ്ഞ നിരക്കിൽ കുടിവെള്ളമെത്തിക്കുന്ന സംസ്ഥാനം എന്നുള്ള ഖ്യാതി ഇൻഡസ്ട്രിയൽ വാട്ടർ സപ്ളൈ സ്കീം ബി.ഒ.ടി. അടിസ്ഥാനത്തിൽ വിദേശ കമ്പനികൾക്ക് കൈമാറുന്നതിലൂടെ അട്ടിമറിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. ഉദ്യോഗസ്ഥൻമാരുടെ അഭാവം മൂലം പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ഉദ്യോഗസ്ഥൻമാരുടെ എണ്ണം വെട്ടിക്കുറയ്ക്കുന്നതും പി. എസ്. സി.യിൽനിന്നും അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം നൽകാതിരിക്കുന്നതും പിൻവാതിലിലൂടെ ജീവനക്കാരെ നിയമിക്കുന്നതും ഖേദകരമാണ്. ഗ്രാമപ്രദേശങ്ങളിൽ 50 ശതമാനവും നഗര പ്രദേശങ്ങളിൽ 70 ശതമാനവും ആളുകൾക്ക് കുടിവെള്ളം എത്തിക്കുന്ന വാട്ടർ അതോറിറ്റിയെ പൊതുമേഖലാ സ്ഥാപനമായി നിലനിറുത്തുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ഈ രംഗത്ത് സ്വകാര്യവത്കരണ നടപടി അവസാനിപ്പിക്കുകയും ചെയ്യണം.

<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷംകൊണ്ട് 5 ലക്ഷം പേർക്ക് പൈപ്പ് കണക്ഷൻ നൽകിക്കൊണ്ട് ശുദ്ധജലം എത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ അവലോകനം ചെയ്ത് യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതിന് ഒരു കർമ്മ സമിതി രൂപീകരിച്ചു. 308 ശുദ്ധജല വിതരണ പദ്ധതികളും 2 സ്വീവേജ് പദ്ധതികളും ഈ ഗവൺമെന്റിന്റെ കാലത്ത് കമ്മീഷൻ ചെയ്യാനുള്ള പരിപാടിയുണ്ട്. കുടിവെള്ള ഉപഭോക്താക്കളുടെ പരാതിയിൻമേൽ ബില്ലിംഗ് സിസ്റ്റം കൊണ്ടുവന്നു. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ പൈപ്പ് കണക്ഷനുവേണ്ടി അപേക്ഷിച്ച എല്ലാപേർക്കും കണക്ഷൻ നൽകാൻ കഴിയും. കൊച്ചിൻ കോർപ്പറേഷനിൽ 1995–ൽ ആരംഭിച്ച ഹഡ്കോ പദ്ധതിയുടെ പ്രവർത്തനം സ്ഥലമെടുപ്പിനുള്ള തടസ്സങ്ങൾ ഒഴിവാക്കി പുനരാരംഭിച്ചിട്ടുണ്ട്. പശ്ചിമ കൊച്ചിയിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം എത്തിക്കാൻ കഴിയുന്നതും 1994–ൽ ബ്രിട്ടീഷ് സഹായത്തോടെ ആരംഭിച്ചതും കഴിഞ്ഞ വർഷം പൂർത്തിയാകേണ്ടതുമായ പദ്ധതി മുടങ്ങിക്കിടന്നതിനാൽ 35 കോടി രൂപയുടെ എസ്റ്റിമേറ്റ് തുക 70 കോടി രൂപയായി വർദ്ധിപ്പിച്ചതിനെത്തുടർന്ന് അനുവദിക്കപ്പെട്ടിരുന്ന ഫണ്ട് ലാപ്സാകാൻ ഇടയാകാതെ 35 കോടി രൂപ കൂടി സർക്കാർ

ഖജനാവിൽനിന്നും അനുവദിച്ച നടപടി സ്വാഗതാർഹമാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഈ പദ്ധതി പൂർത്തിയാക്കാൻ ഇതിന്റെ ഇലക്ട്രിക്കൽ വർക്കുകൾ ക്വട്ടേഷനും ടെണ്ടറും കൂടാതെ ടെൽക്കിനെ ഏല്പിച്ച് എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. കൊച്ചിയിൽ ശുചീകരണ പ്രശ്നങ്ങളും വെള്ളപ്പൊക്കവും ഉണ്ടാകുന്ന 6 കിലോമീറ്റർ ദൈർഘ്യമുള്ള ബൗണ്ടറി കനാൽ ക്ളീൻ ചെയ്ത് വെള്ളപ്പൊക്ക-ശുചീകരണ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് മുൻകൈ എടുക്കണം, കഴിഞ്ഞ വർഷം കടലാക്രമണം തടയുന്നതിന് 50 കോടി രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. നീണ്ട കടലോരമുള്ള ഈ സംസ്ഥാനത്ത് കടലാക്രമണം നിരോധിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുകയും മുൻഗണന കൊടുത്ത് കടൽഭിത്തി നിർമ്മിക്കുന്നതോടൊപ്പം പുലിമുട്ടുകൾ കൂടി നിർമ്മിക്കപ്പെടുകയും വേണം. കുടിവെള്ളത്തിന്റെ ചാർജ്ജ് വർദ്ധിപ്പിക്കാത്ത സർക്കാർ നടപടി അഭിനന്ദനീയമാണ്. ജലസേചന വകുപ്പ് ആരംഭിക്കുന്ന മൾട്ടി പർപ്പസ് പദ്ധതികളിൽ ഹൈഡ്രോ ഇലക്ട്രിക്കൽ ജോലികൾ മാത്രം ബി.ഒ.ടി. അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയെ ഏല്പിക്കുകയും മറ്റു പണികൾ വകുപ്പുതന്നെ ഏറ്റെടുക്കുകയും വേണം. പരിസ്ഥിതിയെ ദോഷകരമായി ബാധിക്കത്തക്കവിധത്തിലുള്ള നടപടികൾ തടയുകയും വന സംരക്ഷണ നിയമങ്ങൾ കർശനമായി പാലിക്കുകയും ചെയ്യണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മഴക്കാലത്തുപോലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതിന് ശാശ്വത പരിഹാരം കാണാനുള്ള ദീർഘവീക്ഷണത്തോടുകൂടിയ നടപടികൾ ഉണ്ടാകണം. വലുതും ചെറുതുമായ 72 കുടിവെള്ള പദ്ധതികൾ ഒരു വർഷംകൊണ്ട് പൂർത്തിയാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. മുടങ്ങിക്കിടന്നിരുന്ന പദ്ധതികൾ പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു കർമ്മ സേന രൂപീകരിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കാതെ ദ്വൈമാസ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ ഈ ഗവൺമെന്റ് നടപടി എടുത്തു. കല്ലട, കാഞ്ഞിരപ്പുഴ, പഴശ്ശി പദ്ധതികൾ അടക്കം 14 മുതൽ 40 വർഷങ്ങൾ വരെ കാലദൈർഘ്യ മുള്ളതും മൂന്നിരട്ടി മുതൽ 60 ഇരട്ടിവരെ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ചിട്ടുള്ളതുമായ പദ്ധതികളെപ്പറ്റി സി.ആന്റ് എ.ജി. റിപ്പോർട്ടിലെ വിമർശനം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടെ 100 കോടി രൂപ ചെലവഴിച്ച് ഇടുക്കി, ആലപ്പുഴ ജില്ലകളിലെ ജനങ്ങളുടെ കുടിവെള്ള പ്രശ്നത്തിൽ പരിഹാരം കാണാൻ ഈ സർക്കാരിന് കഴിഞ്ഞു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട കൺസൾട്ടന്റ് ജനപ്രതിനിധികളുമായി ആലോചി ക്കാതെ തന്നിഷ്ട പ്രകാരം നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച് പുന:പരിശോധന ആവശ്യമാണ്. എൽ.ഐ.സി. സഹായത്തോടെ ആരംഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം. ശുദ്ധജല വിതരണ പദ്ധതികൾക്കായി സമീപ പ്രദേശങ്ങളിലെ തീരങ്ങളോടനുബന്ധിച്ച കിണറുകളിൽ വേനൽക്കാലത്ത് വെള്ളം ലഭിക്കാൻ ചെക്ക്ഡാമുകൾ നിർമ്മിക്കണം. പമ്പാ ഇറിഗേഷൻ പ്രോജക്ട് പൂർത്തീകരിക്കപ്പെട്ട പദ്ധതിയായി പ്രഖ്യാപിച്ചു വെങ്കിലും പ്ളാൻ അനുസരിച്ചുള്ള എക്സ്റ്റൻഷൻ പദ്ധതികൾ കൂടി പൂർത്തിയാക്കാൻ നടപടി എടുക്കണം. നദീജല തർക്കത്തെത്തുടർന്ന് നമ്മുടെ സംസ്ഥാനത്ത് മിച്ച ജലം ഇല്ലെന്നുള്ള

സർക്കാരിന്റെ ശക്തമായ നിലപാട് മുല്ലപ്പെരിയാർ ജലവിതാനം ഉയർത്തുകയില്ലെന്നുള്ള തീരുമാനവും പറമ്പിക്കുളം അലിയാർ കരാറിലെ വിട്ടുവീഴ്ചയില്ലാത്ത നടപടികളും ഉചിതമാണ്. വനം കയ്യേറ്റം തടയാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. മതികെട്ടാനിലെ വനം കയ്യേറ്റം തടയാൻ ശക്തമായ നടപടികൾ സ്വീകരിച്ചു. വനം മാഫിയ നടത്തുന്ന വനനശീകരണം ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണുകയും ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും വേണം.

ശ്രീ. ജോണി നെല്ലൂർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചുരുങ്ങിയ കാലത്തിനുള്ളിൽ ദീർഘവീക്ഷണത്തോടെ ഫലപ്രദവും ജനോപകാരപ്രദവുമായ ഒട്ടേറെ കാര്യങ്ങൾ ചെയ്തുവരുന്ന ജലവിഭവ വകുപ്പുമന്ത്രിയേയും വനം വകുപ്പുമന്ത്രിയേയും അഭിനന്ദിക്കുകയാണ്. മൂവാറ്റുപുഴ, തൊടുപുഴ താലൂക്കുകളിലെ ജനങ്ങൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്ന മൂവാറ്റുപുഴ പദ്ധതി 1994-ൽ ഭാഗികമായി കമ്മിഷൻ ചെയ്തു. കഴിഞ്ഞ അഞ്ചു വർഷക്കാലം ഒന്നും ചെയ്യാതെ ജലസേചന വകുപ്പിനെ നശിപ്പിച്ചവരാണ് എൽ. ഡി. എഫ്. കഴിഞ്ഞ ഒരു വർഷത്തെ ഭരണം കൊണ്ട് മുടങ്ങിക്കിടന്ന പല പദ്ധതികൾക്കും നവജീവൻ പകരാൻ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു. ഇപ്പോൾ ഭൂഗർഭ ജലത്തിന്റെ അളവ് കുറഞ്ഞുവരുന്നു. മഴവെള്ളം സംഭരിച്ച് അതിൽ നിന്നും കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതിയെക്കുറിച്ച് ആലോചിക്കണം. നദികളിൽ നിന്നും അനിയന്ത്രിതമായി മണൽ വാരുന്നതുമൂലം ജലവിതാനം താഴേയ്ക്ക് പോകുന്ന അവസ്ഥയുണ്ടാകുന്നു. അതിനെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കണം. യു. ഡി. എഫ്. ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതികൾ പിന്നീടുവന്ന എൽ. ഡി. എഫ്. ഗവൺമെന്റ് മുടക്കി. 72 പദ്ധതികൾ കമ്മിഷൻ ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞത് ഇച്ഛാശക്തി കൊണ്ടാണ്. വൻകിട പദ്ധതികൾ മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുകയും, അതിന് കൂടുതൽ പണം കണ്ടെത്തുകയും വേണം. കഴിഞ്ഞ ഗവൺമെന്റ് ഉപേക്ഷിച്ച ജലധാരാ പദ്ധതി ഈ ഗവൺമെന്റ് വീണ്ടും ഏറ്റെടുത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിക്ക് ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ ഫണ്ട് കണ്ടെത്തി ആവശ്യമുള്ളത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ച് അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. ഫാം റോഡ് പദ്ധതി ഏറ്റെടുക്കുകയും അതിനാവശ്യമായ തുക കണ്ടെത്തുകയും വേണം. ഉൾനാടൻ ജലഗതാഗതം ശക്തമാക്കാനും ചരക്കു ഗതാഗതം സുഗമമാക്കാനുമുള്ള നടപടികളുമായി മുന്നോട്ടുപോകണം. തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള ജലപാതയുടെ പണി പൂർത്തീകരിക്കണം. ഫീഡർ കനാലുകൾ നാട്ടിൻപുറങ്ങളുമായി ബന്ധിപ്പിച്ച് ഉൾനാടൻ ഗതാഗതം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണം. മുടങ്ങിക്കിടന്ന പദ്ധതികൾ യുദ്ധകാലാ ടിസ്ഥാനത്തിൽ ഏറ്റെടുത്ത് പ്രവർത്തിക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നു. വാട്ടർ ചാർജ് കൂട്ടുകയില്ലെന്ന് ബന്ധപ്പെട്ട മന്ത്രി ഉറപ്പുനൽകിയ സാഹചര്യത്തിൽ അതിനെയെങ്കിലും ശ്ലാഘിക്കാൻ പ്രതിപക്ഷം തയ്യാറാകണമായിരുന്നു. വനം കയ്യേറ്റം അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം 1977-നുമുമ്പ് പട്ടയം ലഭിച്ച് വനത്തിൽ താമസിച്ച് കൃഷി ചെയ്തുവരുന്ന

കർഷകരെ കൈയേറ്റക്കാരാണെന്ന് ആരോപിച്ച് ഇറക്കിവിടുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് പരിശോധിക്കണം. വനങ്ങളിൽ നടക്കുന്ന വ്യാപകമായ കഞ്ചാവ് കൃഷിയും വന നശീകരണവും തടയാൻ കുറെക്കൂടി ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. വനംകൊള്ള ഫലപ്രദമായി തടയണം.

ശ്രീ. എം.എ. വാഹിദ്: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. വെള്ളത്തിന്റെ സോഴ്സ് കണ്ടെത്താതെ പൈപ്പുകൾ നീട്ടിക്കൊണ്ടുപോയതിന്റെ ഫലമായി പൈപ്പുകളിൽ വെള്ളത്തിനു പകരം വായുവാണ് ലഭിക്കുന്നത്. കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്ത് ഇന്ന് വനത്തിന്റെ വിസ്തൃതി കുറഞ്ഞുവരികയാണെങ്കിലും ഉദ്യോഗസ്ഥൻമാരുടെ എണ്ണത്തിൽ വർദ്ധനവുള്ളതായിട്ടാണ് കാണുന്നത്.

ശ്രീ. സി.പി. മുഹമ്മദ്: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കേരളത്തിൽ 44 നദികൾ ഉണ്ടായിരുന്നിട്ടും കുടിവെള്ളത്തിന് ക്ഷാമമാണ്. ജലമാനേജുമെന്റിലെ കെടുകാര്യസ്ഥതയാണ് ഇതിനു കാരണം. ഈ ഗവൺമെന്റ് വരൾച്ച നിയന്ത്രിക്കുവാനും ഭൂഗർഭ ജലം സംരക്ഷിക്കുന്നതിനുമുള്ള സ്പെഷ്യൽ സ്കീം തുടങ്ങിയത് അഭിനന്ദനാർഹമാണ്. പഴയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കണം. പല ഇറിഗേഷൻ പദ്ധതികളും പൂർത്തീകരിച്ച് കുടിവെള്ളമെത്തിക്കാനും കാർഷികാവശ്യങ്ങൾക്ക് പ്രയോജനമുണ്ടാക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. നിളാനദി സംരക്ഷിക്കുന്നതിന് നിളാ ഡവലപ്മെന്റ് അതോറിറ്റി രൂപീകരിക്കണം. മതികെട്ടാനിലെ വനം കയ്യേറ്റത്തിനെതിരായി സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. രണ്ടു ലക്ഷം രൂപ മുടക്കി ശാന്തൻപാറ പഞ്ചായത്ത് മതികെട്ടാനിലേയ്ക്ക് റോഡ് വെട്ടുകയും കെട്ടിടങ്ങൾ വയ്ക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വനം സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. ടി.യു. രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സംസ്ഥാനത്തെ കുടിവെള്ള ലഭ്യത മഴയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. എന്നാൽ മഴവെള്ളത്തിന്റെ എൺപതു ശതമാനവും പാഴായിപ്പോകുന്നു. ജലസമ്പത്ത് സംരക്ഷിക്കേണ്ട ചുമതലയുണ്ട്. ജലലഭ്യതയിൽ നമുക്ക് കാര്യമായ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ചെറുകിട–വൻകിട ജലസേചന പദ്ധതികൾ പലതും അവതാളത്തിലായിരിക്കുകയാണ്. ജനകീയാസൂത്രണ പദ്ധതി പ്രകാരം കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ചെറുകിട ജലസേചന പദ്ധതികളൊന്നും സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. ശുദ്ധജല വിതരണ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയത് അഭിനന്ദനാർഹമാണ്.

ശ്രീ ഡി. സുഗതൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജപ്പാൻ കുടിവെള്ള പദ്ധതി വളരെ സുതാര്യമായ വിധത്തിൽ നടപ്പാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കുട്ടനാടൻ മേഖലയെ വെള്ളപ്പൊക്ക ദുരിതത്തിൽനിന്ന് രക്ഷിക്കുന്നതിന് തോട്ടപ്പള്ളി

കനാലിന്റെ ആഴം വർദ്ധിപ്പിക്കുകയും തണ്ണീർമുക്കം ബണ്ടിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുകയും വേണം. കടലാക്രമണ ഭീഷണിയുള്ള സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടുന്നതോടൊപ്പം ഭിത്തി കെട്ടിയിട്ടുള്ള സ്ഥലങ്ങളിലെ ഗ്യാപ്പുകൾ കെട്ടിയടയ്ക്കുകയും വേണം. ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് ആർ ബ്ളോക്ക് മാതൃകയിൽ കരിങ്കൽ ഭിത്തി നിർമ്മിച്ച് കുട്ടനാടൻ പാടശേഖരങ്ങൾ സംരക്ഷിക്കണം. ആലപ്പുഴയിൽ വനം വച്ചു പിടിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടെ രൂപം നൽകിയിട്ടുള്ള ഗാന്ധി സ്മൃതിവനം പദ്ധതി പ്രാവർത്തികമാക്കണം.

<u>ഡോ.എ. നീലലോഹിതദാസൻ നാടാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ വന വിസ്തൃതി 28 ശതമാനത്തിൽ താഴെയായിരിക്കുന്നു. വന സംരക്ഷണത്തിന്റെ കാര്യത്തിൽ വനം വകുപ്പുമായി ബന്ധപ്പെട്ടുണ്ടായ വിവാദങ്ങളെത്തുടർന്ന് അടുത്തകാലത്ത് വനം വകുപ്പുമന്ത്രി എടുത്ത നിലപാടുകൾ ശ്ളാഘനീയമാണ്. 1980–ൽ കേന്ദ്ര വന സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതോടെയാണ് വനം സംരക്ഷിക്കപ്പെടേണ്ടതാണെന്ന ബോധം ജനങ്ങളിൽ ഉണ്ടായത്. മതികെട്ടാനിൽ 2001 ജനുവരി മാസത്തിനുശേഷമാണ് വ്യാപകമായ തോതിൽ വന നശീകരണം ഉണ്ടായിട്ടുള്ളത്. ഇതിനുത്തരവാദികളായ ഉയർന്ന വനം വകുപ്പ് ഉദ്യോഗസ്ഥൻമാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണം. പൂയംകുട്ടിയിൽ വനം കയ്യേറ്റം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ തെറ്റിദ്ധരിപ്പിക്കു കയും വനം കയ്യേറ്റത്തിന് കൂട്ടുനിൽക്കുകയും ചെയ്ത ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞുവെങ്കിലും അത് പ്രാവർത്തികമാക്കിയിട്ടില്ല. കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം. വനം കയ്യേറ്റം തടയുന്നതിന് ഇടതുമുന്നണി ഗവൺ മെന്റിന്റെ കാലത്ത് കൊണ്ടുവന്ന വനം ഓർഡിനൻസ് പുനരുജ്ജീവിപ്പിക്കണം. കേരളത്തിലെ ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് നിയമം കൊണ്ടുവരുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ കോവൂർ കുഞ്ഞുമോൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ ഒരു ശുദ്ധജല വിതരണ പദ്ധതിക്കും തുടക്കം കുറിച്ചിട്ടില്ല. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള മുൻ ഗവൺമെന്റിന്റെ പദ്ധതികളും ഇല്ലാതാക്കി. കല്ലട, ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള കനാലുകൾ പുനരുജ്ജീവിപ്പിക്കണം. വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക പിരിച്ചെടുത്ത് ജലസേചന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ശ്രമഫലമായി കഴിഞ്ഞ ഒരു വർഷംകൊണ്ട് ജലസേചന ജലവിതരണ മേഖലകളിൽ വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന പദ്ധതികൾ പുനരാരംഭിക്കുകയും സമയബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിനുള്ള കർമ്മ സമിതികൾ രൂപീകരിക്കുകയും ചെയ്തു. 41 ചെറുകിട

ജലസേചന പദ്ധതികളും 10 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പൂർത്തീകരിക്കാനും 238 ചെറുകിട പദ്ധതികൾ ഏറ്റെടു ക്കാനും സാധിച്ചു. ജലധാരാ പദ്ധതികൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. കാസർഗോഡ് നഗരത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കണം. കാസർകോട് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. പുതിയ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിക്കുകയും അംഗീകാരം കിട്ടിയ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യണം. മൂന്നാംകടവ് ജലസേചന പദ്ധതി എത്രയും വേഗം നടപ്പിലാക്കണം. കേന്ദ്രഗവണ്മെന്റിന്റേയും ലോകബാങ്കിന്റേയും നബാർഡിന്റേയും സഹായത്തോടുകൂടി കടൽത്തീര സംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. നഗര-അർദ്ധനഗര പ്രദേശങ്ങളിൽ മലിനജലം ഒഴുക്കിവിടുന്നതിനുള്ള സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. എം.എൽ.എ.മാർ ചെയർമാന്മാരായുള്ള ഉപദേശക സമിതികൾ ശുപാർശ ചെയ്യുന്ന കാര്യങ്ങൾ നടപ്പിലാക്കണം. വാട്ടർ അതോറിറ്റിയിലെ സ്പോട്ട് ബില്ലിംഗ് കമ്പ്യൂട്ടർവൽക്കരണ പരിഷ്ക്കരണ നടപടികൾ സ്വാഗതാർഹമാണ്. വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വാട്ടർ അതോറിറ്റി കൂടുതൽ ശുഷ്ക്കാന്തി കാണിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടിശ്ശിക തീർക്കുന്നതിന് ഗവൺമെന്റ് പ്രത്യേക ഗ്രാന്റ് നൽകണം. കരാറുകാരുടെ കുടിശ്ശിക അടിയന്തിരമായി കൊടുക്കണം. കോവളം-കോട്ടപ്പുറം ജലപാത എത്രയും വേഗം യാഥാർത്ഥ്യമാക്കണം. ജലസേചന വകുപ്പിൽ പണി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തീരുമാനം നല്ലതാണ്. വനസംരക്ഷണ കാര്യത്തിൽ വകുപ്പുമന്ത്രി കാട്ടുന്ന താൽപ്പര്യം ഏറെ ശ്രദ്ധേയമാണ്. മതികെട്ടാൻ പ്രശ്നത്തിൽ ഗവൺമെന്റ് എടുത്ത ധീരമായ നടപടിയെ അഭിനന്ദിക്കുന്നു.

ശ്രീ.അടൂർ പ്രകാശ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോഴാണ് മതികെട്ടാൻ ഉൾപ്പെടെയുള്ള വനമേഖലകളിൽ വ്യാപകമായ കയ്യേററം നടന്നിട്ടുള്ളത്. വനം കയ്യേററം തടയുന്നതിന് ശക്തമായ നടപടി സ്വീകരിച്ച ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. വനംവകുപ്പിലെ ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഈ സേനയുടെ പൂർണ്ണ നിയന്ത്രണം വനംവകുപ്പ് ഏറ്റെടുക്കാനും അവർക്കാവശ്യമായ ട്രെയിനിംഗ് നൽകാനും നടപടികളുണ്ടാകണം. ദ്രുതകർമ്മ സേനയിലേയ്ക്ക് നടത്തുന്ന നിയമനങ്ങളിൽ ആദിവാസികൾക്ക് മുൻഗണന കൊടുക്കണം. വനംവകുപ്പ് സ്വന്തമായി ഒരു ഹെലിക്കോപ്റ്റർ വാങ്ങണം. കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിൽ ദ്രുതകർമ്മസേനയുടെ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കണം. ഫോറസ്ററ് അക്കാഡമിയെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തണം. വനം വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് എക്സ്ററൻഷൻ ആന്റ് ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കണം. സോഷ്യൽ ഫോറസ്ട്രിയുടെ കീഴിലുള്ള

നഴ്സറികളുടെ പ്രവർത്തനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണം. സ്കൂളുകളിലും കോളേജുകളിലും ഫോറസ്ട്രി ക്ളബ്ബുകൾ ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അച്ചൻകോവിൽ – തണ്ണിത്തോട് – ചിററാർ വഴി ശബരിമലയിലേയ്ക്ക് സഞ്ചാരയോഗ്യമായ ഒരു റോഡ് നിർമ്മിക്കണം. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ ജനങ്ങൾക്ക് ഇത് വളരെ പ്രയോജനം ചെയ്യും. തണ്ണിത്തോട് പഞ്ചായത്തിലെ കുടിയേററ കർഷകർക്ക് പട്ടയം കിട്ടിയ വസ്തുവിലെ മരങ്ങൾ മുറിക്കുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സം മാററിക്കിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കോന്നി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കണം. മലയോരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരി ക്കുന്നതിന് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച പ്രമാടം, അരുവാപ്പുലം പഞ്ചായത്തിലെ മാളാപ്പാറ, കൂടൽ-ഏനാദിമംഗലം കുടിവെള്ളവിതരണ പദ്ധതികളെക്കൂടി ആക്ഷൻ പ്ളാനിൽ ഉൾപ്പെടുത്തി യാഥാർത്ഥ്യമാക്കണം. പമ്പാ ആക്ഷൻ പ്ളാനിന്റെ മോഡലിൽ അച്ചൻകോവി ലാറിന്റെ തീരം സംരക്ഷിക്കണം. അച്ചൻകോവിലാറിലെ വെള്ളം മേക്കര ഡാം വഴി തമിഴ്നാട് ചോർത്തിക്കൊണ്ടു പോകാതിരിക്കാൻ ശ്രദ്ധിക്കണം.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മതികെട്ടാൻ പ്രശ്നത്തിൽ വനം-റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരെ സസ്പെന്റു ചെയ്ത ഗവൺമെന്റ് പൂയാംകുട്ടി വനം കയ്യേറി മരങ്ങൾ വെട്ടിമാറ്റി ലക്ഷക്കണക്കിനു രൂപ സമ്പാദിച്ചവരെ കണ്ടെത്തി എന്തു ശിക്ഷാനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കണം. ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകാൻ തയ്യാറായവർ അതിലെ വില പിടിച്ച മരങ്ങൾ വെട്ടി മാറ്റിയെന്നുള്ള അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച കമ്മിറ്റിയുടെ കണ്ടെത്തലിന് അർഹമായ വില കല്പിക്കണം. കേടുവന്ന മരങ്ങൾ വെട്ടി മാറ്റാമെന്നുള്ള സുപ്രീം കോടതി വിധിയുടെ മറവിൽ കേടില്ലാത്ത മരങ്ങൾ വെട്ടി മാറ്റുന്ന അവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. നെല്ലിയാംപതിയിൽ ബോക്സൺ എന്ന എസ്റ്റേറ്റ് ഉടമയുടെ കൈവശമുള്ള 160 ഏക്കർ അധിക വനഭൂമിയെക്കുറിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. വനം, റവന്യൂ വകുപ്പുകളിലുള്ള ഗവൺമെന്റ് ഭൂമി കാത്തുസൂക്ഷിക്കുന്നതിൽ വേണ്ടത്ര താല്പര്യം കാണിക്കണം. നിബിഡ വനങ്ങൾ കാത്തുസൂക്ഷിക്കുമെന്നുള്ള ഗവൺമെന്റിന്റെ പ്രഖ്യാപനം ഫലപ്രാപ്തിയിലെത്താൻ വനംകയ്യേറ്റക്കാർ കോടതിയിൽ കൊടുക്കുന്ന കേസുകളിൽ സമയാസമയം അഫിഡവിറ്റ് നൽകി ഇടപെടുന്ന സാഹചര്യമുണ്ടാകണം. മിച്ചഭൂമി ഗവൺമെന്റ് ഭൂമിയായി നിലനിർത്തണം. ആറുകോടി രൂപയുടെ എസ്റ്റിമേറ്റോടുകൂടി ആരംഭിച്ച ചിമ്മിണി പദ്ധതിക്ക് 120 കോടി രൂപ ചെലവാക്കിയിട്ടും പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യവും ഇതു സംബന്ധമായ അന്വേഷണത്തിന്റെ സ്ഥിതിയും വ്യക്തമാക്കണം. പാലക്കാട് ജില്ലയിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ആരംഭിച്ച പദ്ധതിപ്രകാരം ജലം ലഭ്യമാക്കണം.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): ഭരണ–പ്രതിപക്ഷ മെമ്പർമാർ നടത്തിയ പരാമർശങ്ങൾക്കും നിർദ്ദേശങ്ങൾക്കും നന്ദി പ്രകാശിപ്പിക്കുന്നു. ഫോറസ്റ്റ് വാച്ചർമാരെ നിയമിച്ച നടപടിയെ പ്രതിപക്ഷം വിമർശിക്കുകയുണ്ടായി. ഡെയ്‌ലി വേജസിൽ ആളുകളെ എടുക്കുന്നതിൽ കഴിഞ്ഞ ഗവൺമെൻറ് സ്വീകരിച്ച രീതി തന്നെയാണ് ഈ ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി നിയമിച്ചതിനേക്കാൾ മൂന്നിരട്ടി ആദിവാസികളെ ഡെയിലി വേജസിലും മറ്റുമായി ഈ ഗവൺമെന്റ് നിയമിച്ചിട്ടുണ്ട്. മുന്നൂറ് ആദിവാസികളെ ഫോറസ്റ്റ് ഗാർഡുകളായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. അവർക്ക് വിദ്യാഭ്യാസവും വൈദ്യസഹായവും നൽകുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആദിവാസികൾക്ക് ഒരേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമി നൽകാൻ ഈ ഗവൺമെൻറ് പ്രതിജ്ഞാബദ്ധമാണ്. മതികെട്ടാനിൽ ഉൾപ്പെടെ വനം കയ്യേറ്റം ആര് നടത്തിയാലും ഈ ഗവൺമെന്റ് മുഖംനോക്കാതെ നടപടിയെടുക്കും. 1977–നു ശേഷമുള്ള എല്ലാ വനം കയ്യേറ്റങ്ങളും ഒഴിപ്പിക്കും. കേരളത്തിന്റെ ചരിത്രാതീതകാലം മുതൽ ഭരണ പ്രതിപക്ഷ കക്ഷിഭേദമെന്യേ വനം കയ്യേറ്റം നടക്കുന്നുണ്ട്. ശേഷിക്കുന്ന വനഭൂമി യെങ്കിലും സംരക്ഷിക്കേണ്ടതായിട്ടുണ്ട്. മതികെട്ടാൻ മല പതിച്ചുകൊടുക്കാൻ ആർക്കും അധികാരമില്ല. അവിടം പതിച്ചുകിട്ടിയതായി ഒരു കർഷകനും ആധികാരിക രേഖയുണ്ടാ യിരുന്നില്ല. 1977–നുമുമ്പുള്ള പട്ടയം ഉണ്ടെങ്കിൽ സംരക്ഷിക്കും. അന്വേഷണ കമ്മീഷൻ ചൂണ്ടിക്കാണിച്ച കുറ്റക്കാർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. മതികെട്ടാനിൽ ശാന്തൻപാറയ്ക്കു പുറത്തുള്ള വനം മാഫിയയുടെ കയ്യേറ്റമാണ് നടന്നത്. പൂയംകുട്ടിയിൽ വർഷങ്ങൾ പഴക്കമുള്ള ആദിവാസികളുടെ കയ്യേറ്റമാണ് നടന്നത്. പൂയംകുട്ടിയിൽ വനഭൂമി കയ്യേറി 30, 35 ഏക്കർ ഭൂമിയിൽ മരങ്ങൾ മുറിച്ചുമാറ്റി കൃഷി നടത്തിയിട്ടുണ്ട്. പൂയംകുട്ടി വനഭൂമി കയ്യേറ്റത്തിനു പുറകിൽ പ്രവർത്തിച്ചത് ആരാണ്, എത്ര ഏക്കർവരെ കയ്യേറിയിട്ടുണ്ട് എന്നു തുടങ്ങിയ വിവരങ്ങൾ വിശദമായി അന്വേഷിക്കാൻ ഫോറസ്റ്റ് വകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന അന്വേഷണ സംഘം പൂയംകുട്ടി മേഖല സന്ദർശിച്ചുകൊണ്ടിരി ക്കുകയാണ്. വനം കയ്യേറ്റത്തിൽ നേരിട്ട് പങ്കുണ്ട് എന്നു തെളിഞ്ഞ മൂന്ന് ഫോറസ്റ്റ് ഗാർഡുകളെ സസ്പെന്റ് ചെയ്യുകയും രണ്ട് റെയിഞ്ചാഫീസർമാരെ സ്ഥലം മാറ്റുകയും ചെയ്തു. വളരെ വിസ്തൃതമായ പൂയംകുട്ടി വനമേഖല രണ്ടായി തിരിച്ച് രണ്ട് ഡിവിഷനു കളാക്കാനും രണ്ട് ഫോറസ്റ്റ് റെയ്ഞ്ചർമാർക്ക് ചാർജ് കൊടുക്കാനും ഫോറസ്റ്റ് വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്. മറയൂരിൽ ആദിവാസികളുടെ ഭൂമിയിൽ നിന്നും ചന്ദനമരം മുറിച്ചിട്ടില്ല. അവർക്ക് കൊടുക്കാൻ മാറ്റിവച്ച ഭൂമിയിൽ നിന്നാണ് മരങ്ങൾ മുറിക്കപ്പെട്ടത്. അത് സംബന്ധിച്ച് സ്ക്വാഡ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. വനം വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി അന്വേഷണം നടത്തി കുറ്റക്കാരുടെമേൽ നടപടിയെടുക്കും. കോടതി വിധിയുടെ അടിസ്ഥാനത്തിൽ മരങ്ങൾ മുറിക്കാൻ ഫോറസ്റ്റ് തീരുമാനമെടുക്കുകയോ നിർദ്ദേശം കൊടുക്കുകയോ ചെയ്തിട്ടില്ല. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ നേരിട്ടുപോയി പരിശോധിച്ച് മാർക്ക് ചെയ്ത മരങ്ങൾ മാത്രമേ മുറിക്കുകയുള്ളു. കുറ്റമറ്റ രീതിയിൽ കോടതിവിധി നടപ്പിലാക്കും. വനം കയ്യേറ്റവും മരം മുറിക്കലുമായി ബന്ധപ്പെട്ട് കുറ്റവാളികൾക്കെതിരെ നടപടിയുണ്ടാകും. വനം സംരക്ഷണത്തിനായി ധാരാളം

നിയമങ്ങളുണ്ടെങ്കിലും അവയൊന്നും പരസ്പരപൂരകമല്ല. വനഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരികയാണ്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് ഫലപ്രദമായി നടപ്പിലാക്കാൻ ഒരു ഗവൺമെന്റിനും സാധിക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. നിലവിലുള്ള വനം സംരക്ഷിക്കാൻ സമഗ്രമായ വന നിയമം വേണം. പ്രകൃതിയുടെ കിഡ്നി എന്നറിയപ്പെടുന്ന കണ്ടൽകാടുകൾ സംരക്ഷിക്കാൻ പോലും പര്യാപ്തമായ നിയമമില്ല. അതിനാൽ എല്ലാ നിയമങ്ങളും ക്രോഡീകരിച്ചുകൊണ്ട് വനസമ്പത്ത് സംരക്ഷിക്കാൻ സമഗ്രമായ ഒരു നിയമം അനിവാര്യമാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ജലേസചന ജലവിതരണ വിഭാഗങ്ങളെ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത നാലു വർഷംകൊണ്ട് കേരളത്തിലെ ജലസംപത്ത് കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്. 81 ചെറുകിട ജലസേചന പദ്ധതികൾ പൂർത്തീകരിച്ചു. പുതുതായി 181 ചെറുകിട ജലസേചന പദ്ധതികൾകൂടി പൂർത്തീകരിക്കും. കൂടാതെ 62 ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ സാംപത്തിക വർഷം 181 ചെറുകിട പദ്ധതികൾകൂടി നബാർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാല് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തീകരിക്കുകയും മൂന്നെണ്ണം കൂടി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പഴയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ റിനോവേറ്റ് ചെയ്യുന്നതിനുള്ള സ്കീം തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ വർഷം പഴശ്ശി, കാഞ്ഞിരപ്പുഴ, കല്ലട പദ്ധതികൾ പൂർത്തീകരിക്കാനുദ്ദേശിക്കുന്നു. പൂർത്തീകരിച്ച 15 പദ്ധതികളും പണികൾ നടന്നുവരുന്ന 12 പദ്ധതികളുമുണ്ട്. പുതുതായി മീനച്ചൽ, വാമനപുരം, അട്ടപ്പാടി എന്നീ പദ്ധതികൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നു.
മൂവാറ്റുപുഴ പദ്ധതി 2003-ൽ പൂർത്തീകരിക്കാൻ കഴിയും. ഇടമലയാർ പദ്ധതിയുടെ പണി പൂർത്തീകരിക്കുന്നതാണ്. ചമ്രവട്ടം പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ഏകദേശം തയ്യാറാക്കി കഴിഞ്ഞു. ബി. ഒ. ടി. അടിസ്ഥാനത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നു. വെള്ളിയാംകൽ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി നടക്കുകയാണ്. ചമ്രവട്ടം പദ്ധതിക്ക് 70 കോടി രൂപയുടെ എ. എസ്. നൽകിയിട്ടുണ്ട്. നദികളുടെ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന നയമാണ് ഈ ഗവൺമെന്റിനുള്ളത്. നദീതട സംരക്ഷണത്തിനായി റിവർ ബേയ്സിൻ അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നു. ഒരു കോടി രൂപ അതിന് നീക്കിവച്ചിട്ടുണ്ട്. നിലവിലുള്ള സ്റ്റാഫിനെവച്ച് അധികം ചെലവില്ലാതെ രൂപം കൊടുക്കാനാണുദ്ദേശിക്കുന്നത്. കേരളത്തിൽ ലഭിക്കുന്ന വെള്ളത്തിന്റെ 10 % മാത്രമേ ഉപയോഗപ്പെടുത്താൻ കഴിയുന്നുള്ളു. മഴവെള്ളം ഉപയോഗപ്പെടുത്തുന്നതിനായി ജനപ്രതിനിധികളുടേയും ലോക്കൽ ബോഡീസിന്റേയും സഹകരണത്തോടുകൂടി `വർഷ` എന്ന പേരിൽ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് പ്രോഗ്രാം ഈ വർഷം ആരംഭിക്കും. അതിന് 10

കോടി രൂപ മതിപ്പ് ചെലവു വരും. 7700 കുടുംബങ്ങൾക്ക് പ്രയോജനവും കിട്ടും. കൂടാതെ പരമ്പരാഗത സോഴ്സുകൾ ഡവലപ് ചെയ്യാനുള്ള `ജലവാഹിനി` എന്ന മറ്റൊരു പദ്ധതികൂടി നടപ്പിലാക്കാനുദ്ദേശിക്കുന്നു. ലോക ബാങ്കിന്റെ സഹായത്തോടെ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് തുടങ്ങിയ ജില്ലകളിൽ ഒരു പ്രോഗ്രാം നടപ്പാക്കാനുദ്ദേശിക്കുന്നു. കേരളാ റൂറൽ വാട്ടർ സപ്ലൈ ഏജൻസിയുടെ സഹായത്തോടുകൂടി `ജലനിധി` എന്ന മറ്റൊരു പദ്ധതിയും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. മറ്റൊന്ന് `ജലധാരാ` പദ്ധതിയാണ്. 50 മുതൽ 500 ഹെക്ടർ വരെയുള്ള കൃഷിസ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കത്തക്ക നിലയിൽ കൊണ്ടുവരാനുദ്ദേശിച്ചുകൊണ്ടുള്ളതാണ്. വാട്ടർ അതോറിറ്റിയിൽ സ്വകാര്യവൽക്കരണം നടപ്പിലാക്കാനുദ്ദേശിക്കുന്നില്ല. ഈ വർഷം രണ്ടായിരം കുഴൽക്കിണറുകൾ കുഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. 255 കിലോമീറ്റർ ജലപാത ദേശീയ പാതയായി ഏറ്റെടുപ്പിക്കാൻ ശ്രമിക്കുന്നതാണ്. കൂടാതെ എല്ലാ ജലപാതകളും പുനരുദ്ധരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ വർഷം കൂടുതൽ ചെക്ക് ഡാമുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു. കടലാക്രമണ നിരോധനത്തിന്റെ ഭാഗമായി 26 കോടി രൂപയുടെ ക്ലിയറൻസിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ സബ്മിറ്റുചെയ്തു. മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് 136 അടിയിൽ കൂടുതൽ ഉയർത്തുന്നതിനോട് സംസ്ഥാന ഗവൺമെന്റ് യോജിക്കുന്നില്ലെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. പറമ്പിക്കുളം അലിയാറിന്റെ കാര്യത്തിലും സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കത്തക്ക രീതിയിലുള്ള നടപടികളെടുത്തിട്ടുണ്ട്. കൂടാതെ കല്ലട, മൂവാറ്റുപുഴ പദ്ധതികൾകൂടി കാഡയുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഫാം റോഡുകൾ പുനരാരംഭിക്കാൻ പോകുന്നു. ഗ്രാമീണ ജനതയ്ക്ക് വെള്ളം കൊടുക്കത്തക്ക നിലയിൽ 306 പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കി. പത്താം പദ്ധതിയുടെ അവസാനത്തോടുകൂടി എല്ലാവർക്കും ശുദ്ധജലമെത്തിക്കുകയെന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. ശ്രീ. അടൂർ പ്രകാശിന്റെ മണ്ഡലത്തിലുള്ള സ്കീമുകളെല്ലാം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം 45 ലക്ഷം ജനങ്ങൾക്ക് വെള്ളം എത്തിച്ചുകൊടുക്കാൻ കഴിയുന്ന പ്രോജക്ടിന് 1800 കോടി രൂപയാണ് സംസ്ഥാനത്ത് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. 2.1 ശതമാനം പലിശ നിരക്കിൽ 30 വർഷം കൊണ്ട് ഈ പണം തിരിച്ചടയ്ക്കണം. ചിമ്മിനി ഡാമിലുള്ള ലീക്കിനെക്കുറിച്ച് പല രൂപത്തിൽ അന്വേഷണങ്ങൾ നടന്നിട്ടുണ്ട്. 1995-ലാണ് വിജിലൻസ് എൻക്വയറി ആവശ്യപ്പെട്ട് പരാതി കൊടുക്കുകയും 1996-ൽ എൻക്വയറിക്ക് ഓർഡർ ഇടുകയും ചെയ്തു. ഇപ്പോൾ വിജിലൻസ് കോടതി ഒരു എക്സ്പേർട്ട് കമ്മിറ്റിയെ ഇതിനുവേണ്ടി വച്ചിരിക്കുകയാണ്. വെള്ളം കിട്ടുന്നുണ്ടോ ഇല്ലയോയെന്ന് ഉദ്യോഗസ്ഥൻമാരോട് അന്വേഷിച്ചതിന്, അവിടെ ആവശ്യത്തിന് വെള്ളം ലഭ്യമാവുന്നുണ്ടെന്ന റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. വെള്ളം കിട്ടുന്നില്ലായെങ്കിൽ അത് ഗൗരവമായി എടുക്കാം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX –ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII –ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV –ാം നമ്പർ ധനാഭ്യർത്ഥനയും 28 വോട്ടുകൾക്കെതിരെ 76 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.23–ന് പിരിഞ്ഞു.